ഈ പദ്ധതികളുടെ ആനുകൂല്യം സംസ്ഥാനത്തെ 61,18,293 കാർഡുടമകൾ അനുഭവിക്കുന്നത്.

95 (2281) മൊബൈൽ വിജിലൻസ് സ്കാഡിന്റെ പ്രവർത്തനം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള മൊബൈൽ വിജിലൻസ് സ്കാഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ സ്കാഡ് 1998-99 വർഷത്തിൽ എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) ചാർജ്ജ് ചെയ്ത കേസ്സിൽ ഏതെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതു വിതരണശൃംഖല വഴി ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും വിതരണം നടത്തുന്നുണ്ട് എന്നത് ഉറപ്പുവരുത്തുക, കാർഡുടമകൾക്ക് പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുക തുടങ്ങിയവയാണ് മൊബൈൽ വിജിലൻസ് സ്കാഡിന്റെ പ്രവർത്തനം.

(ബി) 1998-99 വർഷത്തിൽ ആകെ 595 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി.

(സി)&(ഡി) ചാർജ്ജ് ചെയ്ത കേസ്സിൽ 41 എ.ആർ.ഡി.-യും ഒരു മൊത്ത വ്യാപാര ഡിപ്പോയും ഉൾപ്പെടെ 42 കടകൾ സസ്പെന്റ് ചെയ്യുകയുണ്ടായി. അവയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടിയിട്ടുണ്ട്. ഇതുകൂടാതെ ദുരുപയോഗം ചെയ്ത സാധനങ്ങളുടെ വിലയായി തൃശ്ശൂരിൽ നിന്നും 2,49,188 രൂപയും കോട്ടയത്തു നിന്ന് 1,55,234 രൂപയും കോഴിക്കോട് നിന്നും 75,683 രൂപയും (ആകെ 4,80,105 രൂപ) ഈടാക്കുകയും ചെയ്തിട്ടുണ്ട്.

96 (2282) റേഷൻ കടകളിലെ ക്രമക്കേടുകൾ തടയാൻ നടപടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലെ സ്റ്റോക്കും വിതരണവും തമ്മിൽ യാതൊരു പൊരുത്തവുമില്ലാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിതരണം ചെയ്യാനുള്ള അരി, പഞ്ചസാര, ഗോതമ്പ്, മണ്ണെണ്ണ തുടങ്ങിയവ ഹോട്ടലുകൾക്കും മറ്റു കടകൾക്കും വിൽക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly